LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ വിലയ്ക്കുള്ള മരുന്നു നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി

99 [3150] ഡോ. തോമസ് ഐസക്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
" കെ. രാധാകൃഷ്ണൻ:
" വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് താങ്ങാൻ കഴിയുന്ന വിധത്തിൽ കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ ആരോഗ്യവകുപ്പിന്റെ കീഴിൽ മരുന്നു നിർമ്മാണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാം മരുന്നുകളാണ് നിർമ്മിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഒരു വർഷം എത്ര കോടി രൂപയുടെ മരുന്നുകളാണ് വാങ്ങുന്നത്; ഇതിൽ എന്തു തുകയുടെ മരുന്നുകളാണ് ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സപ്ലൈ ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ കൂടുതൽ മരുന്നു നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ചികിത്സക്കായി എത്തുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകുന്നുണ്ട്. കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാൻ ആലോചിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) റേറ്റ് കോൺട്രാക്റ്റ് പ്രകാരം കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഇപ്പോൾതന്നെ ലഭ്യമാക്കുന്നുണ്ട്. കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാൻ ആലോചിച്ചിട്ടില്ല.

തിരുവനന്തപുരം പബ്ളിക് ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

100 [3151] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ളിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം വിശദമാക്കാമോ;